മലങ്കര യാക്കോബായ സുറിയാണി അസോസ്യേഷന്റെയും മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മട്ടിയുടെയും സെക്രട്ടറിയും "മലങ്കര ഇടവക പത്രിക" പത്രാധിപരും മലങ്കരസഭാ ചരിത്രകാരനുമായിരുന്ന പരേതനായ

# ഇ. എം. ഫിലിപ്പ്



ജനനം: 1857 മരണം: 1914

“ എനിക്കോ നമ്മുടെ കർത്താവായ യേശുമിശി
ഹായുടെ കുരിശിൽ അല്ലാതെ പ്രശംസിപ്പാൻ
ഇടവരാതിരിക്കട്ടെ ” ഗലാത്യ 6:14

# പ്രസ്താവന



“ മലങ്കരസഭയുടെ രഹസ്യ പേടകം അഥവാ ഇ. എം. പീലിപ്പോസ് ഒരു സ്വഹസ്തചരിതം” രണ്ടാം പതിപ്പ് 1993-ൽ പ്രസിദ്ധീകരിക്കുവാൻ ഇടയായത് ഒരു ദൈവനടത്തിപ്പും കാലഘട്ടത്തിന്റെ ആവശ്യവുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു പ്രസിദ്ധീകരണത്തിലും വില്പനയിലും യാതൊരു മുൻപരിചയവും ഇല്ലാതിരിക്കെ ഇങ്ങനെ ഒരു പുസ്തകം അച്ചടിപ്പിക്കുവാൻ ധൈര്യം നൽകിയ സർവ്വശക്തനായ ദൈവത്തെ ആദ്യമായി ഞാൻ മഹത്വപ്പെടുത്തുന്നു.

മലങ്കര യാക്കോബായ സഭയുടെ മിക്ക പ്രസ്ഥാനങ്ങളിലും ഭാരമേറിയതും സുപ്രധാനവുമായ സ്ഥാനം വഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു എന്റെ പിതാമഹൻ പരേതനായ

ഇ. എം. ഫിലിപ്പ്. (എന്റെ പിതാവ് പരേതനായ ഇ. പി. ഏബ്രഹാം ഇദ്ദേഹത്തിന്റെ ഇളയ പുത്രനാണ്.) നിസ്വാർത്ഥവും അക്ഷീണവുമായ കഠിന പ്രയത്നത്തിലൂടെ തന്റെ എല്ലാ കർമ്മമണ്ഡലങ്ങളിലും വലിയ നേട്ടങ്ങൾ കൈവരിച്ചു എങ്കിലും സ്പർദ്ധാലുക്കളായ ചില പ്രമാണിമാരുടെ വിദ്വേഷം പല സന്ദർഭങ്ങളിലും ഇദ്ദേഹത്തിനു സഹിക്കേണ്ടി വന്നിട്ടുണ്ട്. സിമ്മനാരിക്കേസ് സ്മാരകമായി കമ്മട്ടിമാളികയിൽ പടം സ്ഥാപിച്ചപ്പോഴും (രഹസ്യപേടകത്തിന്റെ പുറംചട്ടയിലെ പടം കാണുക) തന്നെ സെക്രട്ടറി എന്ന നിലയിൽ സമുദായ ചിലവിൽ, യെരുശലേമിനു അയയ്ക്കണമെന്നു മലങ്കര അസോസിയേഷൻ നിശ്ചയിച്ചപ്പോഴും; മററു പലതിലും, അവരുടെ വിദ്വേഷം സ്പഷ്ടമായിരുന്നു (രഹ. പേടകം. പുറങ്ങൾ 64, 116, 117. 137). അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടിരിക്കുന്നതു്—"നാനാവിധ കഴിവുകൾ കൈമുതലായിരുന്ന ശ്രീ. ഫിലിപ്പ് അവയെല്ലാം എത്ര ത്യാഗപൂർവ്വം താൻ സ്നേഹിച്ച സഭയുടെ നന്മയ്ക്കുവേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ചു പ്രവർത്തിച്ചു"—എന്നത്രെ സ്വാർത്ഥ തല്പരതയാൽ ഇക്കാലത്തും, തന്നെ വില ഇടിച്ചുകാണിക്കുവാനുള്ള ചിലരുടെ പ്രവണത കാണുമ്പോൾ മേല്പറഞ്ഞ ദുരാത്മാക്കൾ ഇവരിലൂടെ പ്രവർത്തിക്കുകയല്ലേ എന്നു സംശയിച്ചുപോകുന്നു.

കേരള ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല, പരദേശത്തും വിഖ്യാതരായിരുന്നു എന്റെ പൂർവ്വപിതാക്കന്മാരായ ഇടവഴിക്കൽ പീലിപ്പോസ് കശീശായും, പീലിപ്പോസ് കോറെപ്പിസ്കോപ്പായും. 19-ാം നൂററാണ്ടിൽ മലങ്കര യാക്കോബായ സഭയ്ക്കുണ്ടായ കഠിന പ്രതിസന്ധികളെ സജീവമായി നേരിട്ട് വലിയ പീഡകളും ദുരിതങ്ങളും സഹിക്കേണ്ടിവന്ന സാധുക്കളും പരമാർത്ഥികളുമായിരുന്ന ഇവരുടെ സ്മരണ നിലനിർത്തുന്നതിനും ഇന്നത്തെ തലമുറയ്ക്കു ഇവരെ പരിചയപ്പെടുത്തുന്നതിനും ഒരു പരിധിവരെ ഈ പുസ്തകം സഹായകമാണ്. ഈ പുണ്യപിതാക്കന്മാരുടെയും, മലങ്കര യാക്കോബായ സുറിയാനി ക്നാനായ ഭദ്രാസന ഇടവകയുടെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന ഇടവഴിക്കൽ മാർ സേവേറിയോസ് ഗീവറുഗീസ് തിരുമേനി



യുടെയും, എന്റെ പിതാമഹനെ പുത്രതുല്യം സ്നേഹിച്ചനുഗ്രഹിച്ചിട്ടുള്ള (രഹ. പേടകം പുറങ്ങൾ 120, 121) മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് തിരുമേനിയുടെയും, പിതാമഹൻ ഇ. എം. പീലിപ്പോസിന്റെയും സ്മരണയെ ശാശ്വതമായി നിലനിർത്താൻ മ. സ. രഹസ്യപേടകത്തിന്റെ പ്രസിദ്ധീകരണം കൊണ്ട് ഏറെക്കുറെ സാധിച്ചിട്ടുണ്ടെന്നുള്ളത് ഏറെ ചാരിതാർത്ഥ്യജനകമാണ്. എന്റെ പിതൃജ്യേഷ്ഠസഹോദരൻ പരേതനായ കവലിയർ ഇ. പി. മാത്യു ഇതിന്റെ ഒന്നാം പതിപ്പ് 1956-ൽ പ്രസിദ്ധീകരിച്ചിരുന്നു.

ഈ ഗ്രന്ഥം വിവിധ സഭാ കേന്ദ്രങ്ങളിലും ഇൻഡ്യയിലെ പ്രമുഖ ലൈബ്രറികളിലും; ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി, ലണ്ടൻ; വത്തിക്കാൻ ലൈബ്രറി, അമേരിക്കൻ ലൈബ്രറി ഓഫ് കോൺഗ്രസ് എന്നിവിടങ്ങളിലും എത്തിച്ചിട്ടുണ്ട്.

ഈ പുസ്തകം ധാരാളം മഹാന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു എന്നു അവരുടെ കത്തുകൾ സാക്ഷിക്കുന്നു. മഹാരാഷ്ട്രഗവർണർ ഡോ പി. സി അലക്സാണ്ടർ, വിവിധ ക്രൈസ്തവ മേലദ്ധ്യക്ഷന്മാർ തുടങ്ങി അനേകരുടെ കത്തുകൾ ലഭിച്ചിട്ടുണ്ട് കൊച്ചി സർവ്വകലാശാല മുൻ വൈസ് ചാൻസലറും ഇൻഡ്യാ ഗവണ്മെന്റിന്റെ സാങ്കേതിക വിദ്യാഭ്യാസ ഉപദേഷ്ടാവുമായ എമരിററസ് പ്രൊഫസർ ഡോ. എം. വി പൈലി അവർകളുടെ അവലോകനം പൂർണ്ണരൂപത്തിൽ ഇതിൽ കൊടുത്തിട്ടുണ്ട്. ഇവർ എല്ലാവരോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

1904 ജൂലൈ 6-ാം തീയതി കണ്ടത്തിൽ വറുഗീസ് മാപ്പിള നിര്യാതനായതിനെ തുടർന്നു യശ:ശരീരനായ ശ്രീ. കെ. സി. മാമ്മൻമാപ്പിള മലയാള മനോരമ കമ്പനിയുടെ മാനേജ്മെന്റ് ഏറെറടുത്തു രഹസ്യപേടകത്തിന്റെ 123, 124 പേജുകളിലെ സൂചനപ്രകാരം ഏതാണ്ട് എട്ടുവർഷത്തോളം മനോരമ കമ്പനിയുടെ ഡയറക്ടർ ബോർഡ് ചെയർമാനായി (പിതാമഹന്റെ മരണംവരെ) ഈ. എം ഫിലിപ്പ് സേവനം അനുഷ്ഠിച്ചിരുന്നു എന്നു അനുമാനിക്കാം. പുസ്തക പ്രസിദ്ധീകരണ

ത്തിൽ കാണിച്ച പ്രോത്സാഹനത്തിനും സഹായസഹകരണങ്ങൾക്കും മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു അവർകളോടുമുള്ള എന്റെ പ്രത്യേക നന്ദിയും രേഖപ്പെടുത്തുന്നു.

ഇതിന്റെ പ്രസിദ്ധീകരണം, വില്പന തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ സഹായിച്ചിട്ടുള്ള എല്ലാവരോടും; ബ. വൈദികർ പള്ളിഭാരവാഹികൾ, ബുക്കഡിപ്പോകളുടെ ഭാരവാഹികൾ എന്നിവരോടും പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു.

മേൽ മൂന്നാം ഖണ്ഡികയിൽ പേർ പറയപ്പെട്ടിട്ടുള്ള പരേതരായ എല്ലാ പിതാക്കന്മാരുടെയും നിത്യസ്മാരകമായിരിക്കത്തക്കവണ്ണം "മലങ്കര സഭയുടെ രഹസ്യപേടകം" എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ കഴിവിന്റെ പരമാവധി നിർവ്വഹിച്ചു എന്നുള്ള ആത്മസംതൃപ്തിയോടെ അവരുടെ തൃപ്പാദങ്ങളിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഈ പുണ്യപിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്തുകൊള്ളുന്നു.

താഴത്തങ്ങാടി,
കോട്ടയം.
27–3–1995.

ഇ. എ ഫിലിപ്പ്
ഇടവഴിക്കൽ

Phone No. 566160

---

എല്ലായ്പ്പോഴും നാലുഭാഗങ്ങളിലും സത്യവിശ്വാസമെന്ന വിളക്കിനെ കത്തിച്ച് ലോകത്തെ പ്രകാശിപ്പിക്കുകയും സത്യവിശ്വാസത്തിനുവേണ്ടി ഞെരുക്കങ്ങളും പീഡകളും സഹിക്കയും ചെയ്തവരായ ഞങ്ങളുടെ പിതാക്കന്മാരുടെ ഓർമ്മയെ നീ മഹത്വപ്പെടുത്തേണമെ. അവരുടെ പ്രാർത്ഥനകളാൽ അവരെപോലെ നിന്നെ സ്നേഹിക്കുന്നവരായിരിപ്പാൻ ഞങ്ങളെ യോഗ്യന്മാരാക്കിത്തീർക്കണമെ—ആമ്മീൻ.



## മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. പീലിപ്പോസ് ഒരു സ്വഹസ്തചരിതം

**Emeritus Prof. Dr. M. V. Pylee**
[കൊച്ചി സർവ്വകലാശാല മുൻ വൈസ് ചാൻസലർ]

ഒരു ആത്മകഥയാണെങ്കിലും അതിലേറെ, കഴിഞ്ഞുപോയ ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ് ഇ. എം. പീലിപ്പോസിന്റെ "സ്വഹസ്തചരിതം" എന്ന ഗ്രന്ഥം. പാരമ്പര്യംകൊണ്ട് ഉന്നതമെങ്കിലും സമ്പന്നമല്ലാത്ത കുടുംബത്തിൽ ജനിച്ച് കഠിനവും നിരന്തരവുമായ പരിശ്രമം കൊണ്ടുമാത്രം സമുദായത്തിന്റെ ഉന്നത മണ്ഡലങ്ങളെ തന്റെ സ്വാധീന വലയത്തിലാക്കുകയും, അവിസ്മരണീയമായ സേവനം കൊണ്ട് തന്റെ സഭയെ ധന്യമാക്കുകയും ചെയ്ത ഒരു വിശിഷ്ട വ്യക്തിയാണ് ഇ എം. പീലിപ്പോസ്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ ആത്മകഥ കഴിഞ്ഞുപോയ ഒരു ശതകത്തിന്റെ ചരിത്രകഥയായി തീർന്നതു്.

ഇന്നത്തെ തോതു വച്ചു നോക്കിയാൽ ഗ്രന്ഥകാരൻ ഉന്നത വിദ്യാസമ്പന്നനായിരുന്നില്ല. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ കർമ്മമണ്ഡലത്തിൽ പ്രവേശിച്ച ആളാണ് അദ്ദേഹം. എങ്കിലും തന്റെ നിസ്തന്ദ്രമായ പരിശ്രമത്തിന്റെ ഫലമായി ഇംഗ്ലീഷുഭാഷ കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം അസാമാന്യമായ കഴിവാണ് പ്രദർശിപ്പിച്ചതു്. ഒരു നൂറു വർഷങ്ങൾക്കപ്പുറം, ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, വിദേശത്തുള്ളവരുമായിപോലും സുപ്രധാന വിഷയങ്ങളെപ്പറ്റി ആംഗലവാണിയിൽ കത്തിടപാടുകൾ നടത്തുന്നതിൽ അദ്ദേഹം കാഴ്ചവച്ച കഴിവ് അന്യാദൃശമത്രെ.

ഈ ഗ്രന്ഥം വായിച്ചു തീർന്നപ്പോൾ എന്റെ മനസ്സിൽ തങ്ങിനിന്ന ഒരു പ്രത്യേക കാര്യം, ശ്രീ. പീലിപ്പോസ് നിയമരംഗത്തു നേടിയ അത്ഭുതാവഹമായ പാണ്ഡിത്യവും, നിയമത്തിന്റെ നൂലാമാലകളെ അനായാസമായി അപഗ്രഥിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവുമാണ്. സിമ്മനാരിക്കേസ്,

വട്ടിപ്പണക്കേസ്, ചെറിയപള്ളിക്കേസ് തുടങ്ങിയ ചരിത്രവിഖ്യാതമായ നിയമയുദ്ധങ്ങളിൽ അദ്ദേഹം പ്രദർശിപ്പിച്ച അനന്യസാധാരണമായ നേതൃത്വവും കഴിവുമാണ്. ശ്രീ പീലിപ്പോസിന്റെ അതിശക്തമായ കഴിവുകൾ ലഭ്യമായിരുന്നില്ലെങ്കിൽ മാർ ദിവന്നാസ്യോസിനു ആ നിയമയുദ്ധങ്ങളിൽ വിജയിക്കുവാൻ കഴിയുമായിരുന്നോ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ ഹൈക്കോടതിയിലെ ഒരു ഒന്നാംകിട അഭിഭാഷകനായ രാമനാഥറാവുവിന്റെയും അഖിലേന്ത്യാ പ്രശസ്തനായ ഭാഷ്യം അയ്യങ്കാരുടെയും കത്തുകൾ വ്യക്തമാക്കുന്നതു് അതാണു. അഭിഭാഷകരെന്ന നിലയിൽ അവർക്കു ശ്രീ. പീലിപ്പോസിൽ നിന്നു ലഭിച്ച നിസ്തുലമായ സേവനത്തെപ്പററിയാണു് അവർ ആ കത്തുകളിൽ പ്രതിപാദിക്കുന്നതു്. അദ്ദേഹത്തിന്റെ സഹായവും ഉപദേശവും ലഭിച്ചിരുന്നില്ലെങ്കിൽ കേസുകൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാനും അവസാനം വിജയം നേടുവാനും അവർക്കു കഴിയുമായിരുന്നില്ലെന്നാണു് അവരിരുവരുടെയും ഉറച്ച അഭിപ്രായം. അത്ഭുതത്തോടുകൂടി മാത്രമെ ആ കത്തുകൾ വായിക്കുവാൻ കഴിയുകയുള്ളു.

ഒരു ബഹുമുഖ പ്രതിഭയായിരുന്നു ഗ്രന്ഥകാരൻ എന്നതിന്റെ തെളിവാണു് അദ്ദേഹം കൈവച്ച മററു പല രംഗങ്ങൾ. ഒരു പത്രപ്രവർത്തകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാമ്പത്തിക വിദഗ്ദ്ധൻ, സംഘാടകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിലെല്ലാം വിജയിക്കുവാനും, മാർഗ്ഗദർശിയാകുവാനും അദ്ദേഹത്തിനു കഴിഞ്ഞു എന്നതു് അദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭയുടെ പ്രതിഫലനമത്രെ.

പ്രതിഭാശാലിയായ ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ ആത്മകഥയിൽ നിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ച ഒരു പ്രത്യേകത അദ്ദേഹത്തിന്റെ ചിട്ടയായ ജീവിതചര്യയാണു്. തന്റെ ജീവിതത്തിൽ സംഭവിച്ചതും താൻ ഭാഗഭാക്കായതും ആയ കാര്യങ്ങളെപ്പററി ചിട്ടയായി രേഖപ്പെടുത്തുക എന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പി



ച്ചിരുന്നു. മഹാത്മാരായ പലർക്കും ഇല്ലാത്ത ഒരു പ്രത്യേക ഗുണവിശേഷമാണിതു്. അദ്ദേഹം അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ ഇന്നു അദ്ദേഹത്തിന്റെ ആത്മകഥ നമുക്കു ലഭിക്കുമായിരുന്നില്ല. ആകസ്മികമായിട്ടാണു് അദ്ദേഹത്തിന്റെ ജീവിതാന്ത്യമെങ്കിലും തന്റെ "സ്വഹസ്തചരിത"ത്തിൽക്കൂടി അദ്ദേഹം അനശ്വരനാകുവാനുള്ള കാരണവും അതുതന്നെ.

മലയാള ഭാഷയിലെ ആദ്യകാല ആത്മകഥകളിൽ ഒന്നു് എന്ന നിലയിൽ ഈ കൃതി ഉന്നതമായ മാനദണ്ഡമാണു് പുലർത്തുന്നതു്. ആത്മകഥാകാരന്മാർക്കു ഒരു ഉത്തമ മാതൃകയാണു് ഈ ഗ്രന്ഥം. ഒരു ഉത്തമ ആത്മകഥയിൽ ഉടനീളം പ്രതിഫലിക്കേണ്ടതു് ആത്മാർത്ഥതയും, വസ്തുസ്ഥിതി കഥനവും ആയിരിക്കണമെന്ന തത്വം ഈ കൃതി ആദ്യന്തം പ്രകാശിപ്പിക്കുന്നു. തന്റെ ജീവിതകാലം മുഴുവനും സമൂഹത്തിനും സമുദായത്തിനും വേണ്ടി അഹോരാത്രം അക്ഷീണം പ്രവർത്തിച്ച ഒരു കർമ്മയോഗിയായിരുന്നു ഇടവഴിക്കൽ പീലിപ്പോസ്.

മലങ്കര സഭയുടെ രഹസ്യപേടകം എന്ന സംജ്ഞ ഈ ഗ്രന്ഥത്തിനു ഏററവും അന്വർത്ഥമായിരിക്കുന്നു. പുറംചട്ടയിൽ കൊടുത്തിരിക്കുന്ന ചിത്രം — ഗ്രന്ഥകാരന്റെയും മാർ ദീവന്നാസ്യോസിന്റെയും എണ്ണഛായാ ചിത്രത്തിന്റെ പകർപ്പ് — ഈ ഗ്രന്ഥത്തിന്റെ ആകർഷണീയതയെ തുലോം വർദ്ധിപ്പിക്കുന്നു.

സമുദായ ചരിത്ര വിദ്യാർത്ഥികൾക്കു ഈ ഗ്രന്ഥം ഒരു അമൂല്യനിധിയാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രസാധനത്തിൽക്കൂടി ഗ്രന്ഥകാരന്റെ പുത്രനായ ശ്രീ. ഇ പി. മാത്യു സമുദായത്തിനും, ചരിത്രത്തിനും നൽകിയ സേവനത്തിനു് അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കുവാൻകൂടി ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

കളമശേരി, കൊച്ചി,
22-1-1995.

## മലങ്കര സഭയുടെ രഹസ്യപേടകം

(ഗ്രന്ഥകർത്താവ്: ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ)

### അഭിപ്രായ സംഗ്രഹങ്ങൾ

**1. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്, തിരുവനന്തപുരം**

"This book is a mine of information for those who would like to know about the history of the Christion community in India in recent times"

**2. ഡോ അലക്സാണ്ഡർ മാർത്തോമ്മാ മെത്രാപ്പോലീത്താ, തിരുവല്ലാ**

ആ പുസ്തകം ഞാൻ താല്പര്യപൂർവ്വം വായിച്ചു മുമ്പ് എനിക്ക് അറിവില്ലാതിരുന്ന പല കാര്യങ്ങൾ അതിൽ നിന്നു മനസ്സിലാക്കുവാൻ സാധിച്ചു നവീകരണത്തെ മാർത്തോമ്മാ സഭാംഗങ്ങൾ വളരെ വിലമതിക്കുമ്പോൾ ശ്രീ ഫിലിപ്പിനു അതിനെപ്പററിയുള്ള അവജ്ഞ എത്രമാത്രമായിരുന്നു എന്നു കാണുവാൻ കഴിഞ്ഞു.

ഈ പുസ്തകം വായിച്ചതിൽ അതിൻെറ ഗ്രന്ഥകർത്താവിനെപ്പററിയുള്ള ആദരവും മതിപ്പും എന്നിൽ വർദ്ധിച്ചു. നാനാവിധ കഴിവുകൾ കൈമുതലായിരുന്ന ശ്രീ. ഫിലിപ്പ് അവയെല്ലാം എത്ര ത്യാഗപൂർവ്വം താൻ സ്നേഹിച്ച സഭയുടെ നന്മയ്ക്കുവേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ചു പ്രവർത്തിച്ചു എന്നു കാണുവാൻ കഴിഞ്ഞു.

**3. ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ, കൽദായസഭ, തൃശൂർ**

ഒരു നല്ല ചരിത്രകാരനായ ശ്രീ. ഇ. എം. ഫിലിപ്പിനെ പൊതുവെ സഭാചരിത്ര പണ്ഡിതന്മാർ അംഗീകരിക്കുന്നുണ്ട്. സഭയുടെ ചരിത്രത്തിൽ വലിയ പങ്ക് നിർവ്വഹിച്ചിട്ടുള്ള വ്യക്തിയാണ് ഇ. എം. പീലിപ്പോസ് എന്നു "മലങ്കര സഭയുടെ



രഹസ്യപേടകം" എന്ന ആത്മകഥാഗ്രന്ഥം ചില പേജുകൾ വായിച്ചപ്പോൾ മനസ്സിലായി.

പ്രശസ്തനായ പിതാമഹൻെറ ജീവചരിത്രം പൊതുജനസമക്ഷം സമർപ്പിക്കുവാൻ താങ്കൾ ചെയ്യുന്ന പ്രവർത്തനം അനുഗ്രഹിക്കുമാറാകട്ടെ എന്നു ആശംസിക്കുന്നു.

**4. ഗുരു നിത്യചൈതന്യയതി, നീലഗിരി**

മലങ്കര സഭയുടെ രഹസ്യപേടകം എന്ന മഹനീയമായ ഗ്രന്ഥം ഞാൻ ശ്രദ്ധയോടെ വായിച്ചു. അതിൽ ദൈവാർപ്പണം ചെയ്തിട്ടുള്ള മഹത്തുക്കളുടെ അത്ഭുതം നിറഞ്ഞ സാഹസിക കഥകൾ വായിക്കുമ്പോൾ ആർക്കും ദൈവത്തിലും മനുഷ്യനിലുമുള്ള വിശ്വാസം വർദ്ധിക്കും.

ഞാൻ നേരത്തെ തന്നെ മലങ്കര സഭാനേതാക്കന്മാരുടെ ചരിത്രം പഠിച്ചുനോക്കിയിരുന്നു അന്നു ജീവിച്ചിരുന്ന ക്രിസ്തീയ ഭക്തന്മാർ യേശുവിൻെറ കാലത്ത് അദ്ദേഹത്തോടൊപ്പം കഴിഞ്ഞ ശിഷ്യന്മാരെപ്പോലെ തികഞ്ഞ ആത്മാർപ്പണജീവിതം നയിച്ചവരായിരുന്നു എന്നു കാണാൻ പ്രയാസമില്ല. ആ പാരമ്പര്യം എങ്ങനെയാണാവൊ നമുക്കിന്നു നഷ്ടപ്പെട്ടുപോയിരിക്കുന്നതു്. അവരിൽ ഓരോരുത്തരുടെ ജീവചരിത്രം പഠിക്കുമ്പോഴും വിശ്വാസത്തിൻെറയും ത്യാഗത്തിൻെറയും മഹോന്നത സത്യസരണിയിൽ നാമറിയാതെ പ്രവേശിച്ചുപോകുന്നു.

ഇടവഴിക്കൽ ഇ എം. പീലിപ്പോസ് രചിച്ച മലങ്കര സഭയുടെ രഹസ്യപേടകം വായിക്കുമ്പോൾ ഒരു ത്രില്ലർ സ്റ്റോറി വായിക്കുന്നതുപോലെ മനസ്സ് ചിലപ്പോഴെല്ലാം ഭയചകിതമാവുകയും ആഹ്ളാദപൂർണ്ണമാവുകയും ചെയ്യും. ദൈവാനുഗ്രഹം ഉണ്ടായിരിക്കട്ടെ.

**5 ബിഷപ്പ് പൗലൂസ് മാർ പൗലൂസ്, ചർച്ച് ഓഫ് ദി ഈസ്ററ്, തൃശൂർ**

ഇതു വെറും ആത്മകഥ മാത്രമല്ല, മലങ്കര സഭയുടെ ചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടത്തിലേക്ക് വെളിച്ചം വീശു

ന്ന വിജ്ഞാനപ്രദമായ ഒരു രേഖക്കൂട്ടിയാണ്. ശ്രീ. ഇ. എം. പീലിപ്പോസിന്റെ ജീവിതമാതൃക അനേകർക്ക് ക്രിസ്തീയ ദൗത്യം അർത്ഥവത്തായി നിർവ്വഹിക്കുന്നതിനു പ്രചോദനം നൽകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

### 6. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ചങ്ങനാശേരി

ചരിത്രത്തിന്റെ ചില വശങ്ങൾ മനസ്സിലാക്കാൻ ഗ്രന്ഥം സഹായകമാണ്.

### 7. ഡോ. ഡി. ബാബുപോൾ, ഐ. എ. എസ്., സാംസ്കാരിക വകുപ്പ് സെക്രട്ടറി, തിരുവനന്തപുരം

ഇന്നത്തെ തലമുറയ്ക്ക് അറിവില്ലാത്ത അനേകം സംഗതികൾ ആ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ വളരെ പ്രയോജനകരമാണ്. ആധുനിക കാലത്ത് ആളുകൾക്ക് അസാദ്ധ്യമായ അർപ്പണബോധമാണ് ശ്രീ ഇ എം. പീലിപ്പോസിന്റെ ജീവിതം കാണിച്ചുതരുന്നത്. ഇതുപോലെയുള്ള പുസ്തകങ്ങൾ നമ്മുടെ ചെറുപ്പക്കാർ ധാരാളമായി വായിക്കുന്നതു് നന്നായിരിക്കും. സൺഡെസ്കൂൾ 10-ാം ക്ലാസ്സിലൊ മറ്റോ ഒരു ഉപപാഠപുസ്തകം എന്ന നിലയിൽ ഉപയോഗിക്കാൻ കൊള്ളാവുന്നതാണ് ഈ ഗ്രന്ഥം.

### 8. 1959-ലെ മനോരമ ഈയർ ബുക്ക്

"ആത്മകഥകളുടെ കൂട്ടത്തിൽ ആദ്യത്തേതു് പാച്ചുമൂത്തതിന്റെ ഒരു ലഘുകൃതിയാണ്. എങ്കിലും ലക്ഷണമൊത്ത ഒരാത്മകഥാഗ്രന്ഥം ആദ്യം എഴുതിയതു് ഇ.എം. ഫിലിപ്പാണ്"



## ഇ. എം. ഫിലിപ്പിന്റെ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങൾ

| | |
|---|---|
| 1857 ജനുവരി 28 | ജനനം. |
| 1862 സെപ്റ്റം. 2 | മാതാവ് കുഞ്ഞാമ്പിളയുടെ മരണം. |
| 1867 മെയ് 10 | പീലിപ്പോസ് കശീശായുടെ മരണം. |
| 1875 മെയ് 16 | വിവാഹം (സഹധർമ്മിണി കുഞ്ഞച്ചു) |
| 1875 മെയ് 26 | പീലിപ്പോസ് കോറെപ്പിസ്കോപ്പാ മരിച്ചു |
| 1876 നവംബർ 18 | പിതാവ് കൊച്ചുമാത്യു മരിച്ചു |
| 1876 | മട്രിക്കലേഷൻ പരീക്ഷ ജയിച്ചു. |
| 1882 ജനുവരി | സിമ്മനാരിക്കേസിന്റെ നടത്തിപ്പു ചുമതല (ആലപ്പുഴ ജില്ലാക്കോടതി മുതൽ) ഏറ്റെടുത്തു [വയസ് 25] |
| 1832–1910 | മലങ്കര യാക്കോബായസുറിയാനി അസോസിയേഷന്റെയും (ഇന്നത്തെ ഓർത്തഡോക്സ് വിഭാഗം ഉൾപ്പെടെ ഒന്നായിരുന്നു) മാനേജിംഗ് കമ്മററിയുടെയും സെക്രട്ടറി. |
| 1882–1914 | മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മററി സെക്രട്ടറി. |
| 1889 ഓഗസ്റ്റ് 18 | സെമിനാരിക്കേസിലെ റോയൽക്കോടതി വിധി [വയസ് 31] |
| 1890 | 'മലയാള വിനോദിനി' പത്രം പ്രസിദ്ധീകരണം ആരംഭിച്ചു |
| 1892–1909 | 'മലങ്കര ഇടവക പത്രിക' പത്രാധിപർ. |
| 1892–1909 | കോട്ടയം എം. ഡി സെമിനാരി ഹൈസ്കൂൾ സെക്രട്ടറിയായും മാനേജരായും മററും; കൂടാതെ ഷോടതി നടത്തിപ്പിന്റെ പ്രധാന ചുമതലയും വഹിച്ചു. |
| 1901 ജനുവരി | കോട്ടയം ചെറിയപള്ളിക്കേസ് വിധി |

| | |
|---|---|
| 1901 നവംബർ 25 | പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിൻെറ ജൂബിലി (കശീശാ സ്ഥാനലബ്ധിയുടെ 50–ാം വർഷം) |
| 1902 ഫെബ്രുവരി | വട്ടിപ്പണക്കേസ് വിധി. |
| 1902 നവംബർ 2 | മാർ ഗ്രീഗോറിയോസ് ഗീവറുഗീസ് (പരുമല തിരുമേനി) മെത്രാപ്പോലീത്തായുടെ മരണം. |
| 1905 ആഗസ്റ്റ് | കുന്നങ്കുളം ആർത്താററുപള്ളിക്കേസ് വിധി. |
| 1907 | "The Indian Church of St. Thomas" എന്ന മലങ്കര സഭാചരിത്രം എഴുതിതീർത്തു. |
| 1909 ജൂലൈ 11 | പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് V മലങ്കര മെത്രാപ്പോലീത്താ കാലം ചെയ്തു. |
| 1909 | 'ക്നാനായ യുവജനസമാജം' എന്ന ഒരു സംഘത്തിനു രൂപം നൽകി. |
| 1909 സെപ്റ്റം. 24 | മോറാൻ അബ്ദേദാലോഹൊ II പാത്രിയർക്കീസ് ബോംബെയിൽ എത്തി. സ്വീകരിക്കാൻ ഇ. എം. ഫിലിപ്പും പോയിരുന്നു. ബാവാ ഒക്ടോബർ 19–ാം തീയതി കോട്ടയത്തു് എത്തി. |
| 1910 ആഗസ്റ്റ് 28 | പാത്രിയർക്കീസ് ബാവാ ക്നാനായ ഇടവകയ്ക്കു്, വടകര പള്ളിയിൽ വച്ചു്, ആദ്യ മെത്രാപ്പോലീത്തായെ (ഇടവഴിക്കൽ മാർ സേവേറിയോസ് ഗീവറുഗീസ്) വാഴിച്ചു. |
| 1911 മെയ് 31 | വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ പാത്രിയർക്കീസ് മുടക്കി. |
| 1914 | 'മലങ്കര സഭയുടെ രഹസ്യ പേടകം' എന്ന ആത്മകഥ എഴുതി തീർത്തു. |
| 1914 ആഗസ്റ്റ് 25 | ഇ.എം. ഫിലിപ്പിൻെറ മരണം [വയസ് 57] പിറെറ ദിവസം കോട്ടയം വലിയ പള്ളിയിൽ സംസ്കരിച്ചു. |



# സുറിയാനി ഭാഷാചരിത്രം

(ഇ. എം. പീലിപ്പോസ്, ഇടവഴിക്കൽ)

ഇപ്പോഴും ഉള്ള പ്രധാന ഭാഷകളെ ആര്യഭാഷയെന്നും സെമററിക്ക ഭാഷയെന്നും രണ്ടു തരങ്ങളായി വിഭാഗിക്കാവുന്നതാണ്. ആദ്യ ഇനത്തിൽ യൂറോപ്പിലെ മിക്ക ഭാഷകളും സംസ്കൃതം മുതലായ ഹിന്ദു ഭാഷകളും; രണ്ടാമത്തെ ഇനത്തിൽ മലങ്കര സുറിയാനി സമുദായത്തിൻെറ വൈദീക ഭാഷയാകുന്ന സുറിയാനിയും, എബ്രായ, അറബി എന്നിവയും ഉൾപ്പെട്ടിരിക്കുന്നു.

ജലപ്രളയശേഷമുണ്ടായ ബാബേൽ കോട്ടപണി വരെ, ഭൂമിയിൽ ഏകഭാഷയെ ഉണ്ടായിരുന്നുള്ളു. ആയതു അന്നത്തെ സ്ഥിതിയിൽ ഇന്നു എങ്ങും നടപ്പുണ്ടായിരിക്കയില്ല. നദികളുടെ ഉള്ളിൽവച്ചു കല്ലുകൾ അന്യോന്യ സ്പർശനത്താൽ ഉരഞ്ഞു രൂപഭേദവും മിനുസവും പ്രാപിക്കുന്നതുപോലെ കാലവിളംബന നദിയിൽ ഏതു ഭാഷയും പല പ്രകാരേണ രൂപാന്തരപ്പെടുന്നതു സഹജമാകുന്നു

ജലപ്രളയത്തിനു മുമ്പുണ്ടായിരുന്ന ഏകഭാഷയുടെ പ്രകൃതം എന്തായിരുന്നാലും അതു ഏറെക്കുറെ സെമററിക്ക ഭാഷകളോടും പ്രത്യേകം സുറിയാനി ഭാഷയോടും അനുരൂപപ്പെട്ടിരിക്കുമെന്നു മഹാന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഇതു അടിസ്ഥാനമില്ലാത്ത ഒരു അഭിപ്രായം അല്ല. ഇവയിൽ അറബിഭാഷ. സുറിയാനി, എബ്രായ എന്നിവയെക്കാൾ പ്രായം കുറഞ്ഞതാണെന്നു സർവ്വസമ്മതമാകുന്നു. പ്രായാധിക്യം ഉണ്ടെന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന എബ്രായയൊ സുറിയാനിയൊ തമ്മിൽ പ്രാചീനൻ എന്നു സൂക്ഷ്മമായി പരിശോധിച്ചാൽ എബ്രായ; സുറിയാനിയും കനാൻ ദേശ ഭാഷകളും തമ്മിൽ സമ്മിശ്രപ്പെട്ടുണ്ടായ ഒരു രൂപഭേദമാണെന്നു തീർച്ചപ്പെടും. എന്തെന്നാൽ ഒരു ഭാഷയുടെ പേർ തന്നെയും വേറൊരു ഭാഷയിലെ സാമാന്യ പദങ്ങളിൽ ഒന്നായിരുന്നാൽ ആ ഭാഷ മറേറതിൻെറ ഒരു ശിശു എന്നു വിചാരിക്കാവുന്നതാണല്ലൊ. എബ്രായ എന്ന പദം തന്നെയും സുറിയാനി ഭാഷയിലെ ലിംഗവചന വിഭക്തിഭേദങ്ങളെ പൂർണ്ണ

മായി അവലംബിക്കുന്ന ഒരു പച്ച സുറിയാനിപദം ആകുന്നു.
ദൃഷ്ടാന്തമായി ഈ പദത്തെ പരിഛേദിച്ചാൽ × (എബ്രോ: മറു
കര) × (എബ്രായൊ:മറുകരക്കാരൻ) എന്നുവരും തിഗ്രീസ്,
എവ്ഫ്രാത്തെസ് എന്നീ നദികൾക്കിടയിൽ കിടക്കുന്ന മെ
സപ്പൊത്തേമിയായിൽ നിന്നു അബ്രഹാം പുറപ്പെട്ടു ദൈവം
കാണിച്ചുകൊടുത്ത ദേശത്തു വന്നപ്പോൾ താൻ ഇന്ന ദേശക്കാ
രൻ എന്നു തദ്ദേശികളെ ഗ്രഹിപ്പിച്ചതു് 'നദിക്കു മറുകരക്കാരൻ'
എന്നർത്ഥമുള്ള 'എബ്രായ' എന്ന സുറിയാനി പദത്താൽ ആയി
രുന്നതിനാൽ അന്നു മുതല്ക്കു അങ്ങനെ എബ്രായക്കാരൻ (മറുകര
ക്കാരൻ) എന്നു വിളിച്ചുവന്നു. അബ്രഹാമിൻെറ സ്വഭാഷ നാട്ടു
ഭാഷയുമായി സങ്കലനം ചെയ്തപ്പോൾ ആ ഭാഷയ്ക്കും എബ്രായ
ഭാഷയെന്നു പേർവന്നു. എബ്രായ എന്ന പദം സാക്ഷാൽ സുറി
യാനി വാക്കായിരിക്കുന്നതിനാൽ അബ്രഹാം സംസാരിച്ചതു
സുറിയാനി ആയിരുന്നു എന്നു വരുന്നു.

അബ്രഹാമിൻെറകാലത്തു ഏഴു കിണറുകൾ കുഴിച്ചതിനാൽ
എന്നു തോന്നുന്നു ഏഴാം കിണറിനു ബീറോശ്ബാ × ഏഴു കി
ണർ അല്ലെങ്കിൽ ഏഴാം കിണർ എന്നു വിളിച്ചു (ഉല്പത്തി
21:31) ഇസഹാക്കു് ഈ സ്ഥലത്തിനു × (പ്രയാസപ്പെട്ട കി
ണർ) എന്നു വിളിച്ചു (ഉല്പത്തി 26:20 ഇനി ബാബേൽ മുത
ലായ അനേക പദങ്ങളെക്കുറിച്ചു വ്യവഹരിച്ചാൽ ഇവയെല്ലാം
സുറിയാനി പദങ്ങളാണെന്നു തീർച്ചപ്പെടും. അതിനാൽ ബാ
ബേൽ കോട്ടയിലെ പിശകു മുതൽ ശേമിൻെറ സന്തതികൾ
സംസാരിച്ച ഭാഷ സുറിയാനി ഭാഷ ആയിരുന്നു എന്നുവരുന്നു.

ഇനി ബാബേലിൻെറ പണിക്കു മുമ്പുള്ള സംഗതി കൂടെ
പരിശോധിക്കാം. ആദാം എന്ന പദത്തിൻെറ അത്ഥം കളി
മണ്ണെന്നു സാധാരണ വിശ്വസിച്ചുവരുന്നുണ്ടല്ലൊ. ഈ അത്ഥം
വരുന്ന (ആദാംസ) × എന്ന സുറിയാനി പദത്തെ പെരുക്കു
മ്പോൾ ആദാം എന്ന വാക്കു കിട്ടുന്നു. ഈ പേർ വേറൊരു അർ
ത്ഥത്തിൽകൂടി വ്യാഖ്യാനിക്കാവുന്നതാണു്. ദൈവം തൻെറ
സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നാണല്ലൊ എഴുത
പ്പെട്ടിരിക്കുന്നതു് സാദൃശ്യ എന്നർത്ഥമുള്ള സുറിയാനിവാക്കു
×(ദ്മൂസൊ) എന്നാകുന്നു × (ക്രൊ) എന്ന സുറിയാനി പദ



ത്തെ പരിഛേദിച്ചാൽ × (കാററി) × (അക്രി) ×(ഓറക്കാറൊ)
×(ഒക്റൊ) എന്നു വരുന്നതുപോലെ, സാദൃശ്യം എന്നത്ഥമായ
× (ദ്മൂസൊ) എന്ന പദം പരിഛേദനത്താൽ × (ദ്മൊ) ×
(ദാമ്മി) × (അദമി) × (ഓദൊമ്മൊ) × (ഓദം അല്ലെങ്കിൽ
ആദം) എന്നു വരും. അതിനാൽ ഏതർത്ഥത്തിൽ എടുത്താലും
ഇതു ഒരു സുറിയാനി പദമാണെന്നു വരുന്നു.

ദൈവം ആദാമ്മിനെ ഉറക്കി അവൻെറ അസ്ഥിയിൽനി
ന്നു സ്ത്രീയെ സൃഷ്ടിച്ചു. അനന്തരം അവനെ ഉണർത്തി ×
(ഹാവൊ-സൂക്ഷിച്ചുനോക്കുക) എന്നു കല്പിച്ചു. അതിനാൽ കാ
ണുക എന്നർത്ഥമായ ഹാവൊ എന്നു സ്ത്രീക്കു പേരുണ്ടായി
ഇതും ഒരു പച്ച സുറിയാനി വാക്കാണു്.

മററു ഭാഷകളിൽ എന്നപോലെ സുറിയാനിയിലും അന്യ
ഭാഷാസങ്കലനം ഉണ്ടായിട്ടുണ്ടു് കേംബ്രിഡ്ജ് സർവ്വകലാശാല
യിലെ ഒരു സുറിയാനി പണ്ഡിതൻെറ അഭിപ്രായപ്രകാരം അ
ന്യഭാഷകളിൽ നിന്നു പ്രവേശിച്ച പദങ്ങൾ പ്രായേണ സാ
ക്ഷാൽ സുറിയാനി പദങ്ങളെപോലെ ലിംഗവചനവിഭക്തി
ഭേദങ്ങൾക്കു സുറിയാനി ഭാഷ ആവശ്യപ്പെടുന്ന അസാമാന്യ
രൂപഭേദങ്ങളെ വഹിക്കുന്നില്ലാത്തതിനാൽ, ഈ രൂപഭേദം പദ
ങ്ങളുടെ ഉല്പത്തിയെ നിർണ്ണയിക്കുവാൻ ഒരു ഉരകല്ലായി വി
ചാരിക്കപ്പെടാം ഈ അഭിപ്രായത്തെ പ്രമാണിക്കുന്ന പക്ഷം
ആദം, ഹാവാ എന്ന നാമങ്ങൾ സുറിയാനിഭാഷയിലെ ലിംഗ
വചനവിഭക്തി ഭേദങ്ങളെ പൂർണ്ണമായി അനുകരിക്കുന്ന പദങ്ങ
ളാകയാൽ ഇവ സാക്ഷാൽ സുറിയാനി പദങ്ങൾ എന്നും അതി
നാൽ ഏദൻതോട്ടത്തിൽ സംസാരിച്ച ഭാഷ സുറിയാനി ആയി
രുന്നു എന്നും ഒരു വിധം അനുമാനിക്കുവാൻ അവകാശം ഉണ്ടു്.

കാലദൈർഘ്യവും വ്യാപാര സംസർഗ്ഗവും
അന്യജാതികളുടെ സഹവാസവും കൊണ്ടു് എ
ല്ലാ ഭാഷകളിലും രൂപഭേദം വരുന്നതു പതിവാണു് നൂറുവർഷം
മുമ്പു് മലയാളത്തിൽ സാധാരണ എഴുതി വന്ന വാചകരീതി
ഇപ്പോൾ തീരെ ഭേദപ്പെട്ടിരിക്കുന്നു, പത്തുനാന്നൂറു വർഷം മുമ്പു്
എഴുതപ്പെട്ട ഒരു ഇംഗ്ലീഷ് പ്രബന്ധത്തെ വായിച്ചു് മനസ്സിലാ
ക്കുവാൻ രീതി ഭേദംകൊണ്ടു് ഇന്നത്തെ ബി എ കാർക്കുപോ
ലും പ്രയാസമാണു് ഭാഷാപരിഷ്ക്കാരം ഭാഷകളെ അജഗജാ
ന്തരം ഭേദപ്പെടുത്തിവരുന്നു. എന്നാൽ സുറിയാനി ഭാഷ സംസാ
രിച്ച ജാതികളിൽ വലിയ പരിഷ്കൃതന്മാർ ഇല്ലാതിരുന്നതു
കൊണ്ടു് അജഗജാന്തര വ്യത്യാസം വരുവാൻ ഇടയായിട്ടില്ല.

ക്രിസ്താബ്ദത്തിന്റെ ഒന്നും രണ്ടും ശതാബ്ദങ്ങളിൽ എഴുതപ്പെട്ട സുറിയാനി ഗ്രന്ഥങ്ങൾ ഇന്നത്തെ ഭാഷയോടു ഒട്ടു ചേർച്ചയായിതന്നെ ഇരിക്കുന്നതിനാൽ സാധാരണ കണ്ടുവരുന്ന രൂപഭേദം സുറിയാനിയിൽ അത്ര അധികമായി വന്നിട്ടുണ്ടെന്നു വിചാരിച്ചുകൂടാ. ഭാഷാപരിഷ്ക്കാര ന്യൂനത സുറിയാനി ഭാഷയെ മിക്കവാറും പ്രാചീനസ്ഥിതിയിൽ നിർത്തിയിരിക്കുന്നു എന്നാണ് വിചാരിക്കേണ്ടതു്. ഇങ്ങനെ അഭിപ്രായപ്പെടുന്നതുകൊണ്ട് ഏദൻതോട്ടത്തിൽ സംസാരിച്ച രീതിയെ ഇന്നത്തെ പ്രകൃതത്തോടു തുല്യപ്പെടുത്തുന്നതു അസംബന്ധമാകുന്നു. ബാബേലിലെ പിശക ; സുറിയാനിരാജ്യം പല കോയ്മകൾക്കും പല ഭാഷകൾ സംസാരിക്കുന്ന രാജാക്കന്മാർക്കും കീഴ്പെടേണ്ടി വന്നതും ഭാഷയിൽ ചില മാററങ്ങളെ നിസ്സംശയം വരുത്തിയിരിക്കണം. എന്നാലും ആദ്യമാതാപിതാക്കന്മാരായ ആദാം, ഹാവാ എന്നിവർ സംസാരിച്ചിരുന്നതു, ബാബേലിലെ പിശകുവരെ ന വ്വജാതികളും സംസാരിച്ചുവന്നതു അനന്തരം ശേമിന്റെ കുടുംബക്കാർ ഗോത്രപിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ കാലംവരെ സംസാരിച്ചുവന്നതു, ഇന്നത്തെ സുറിയാനി ഭാഷയുടെ മാതാവായ പ്രാചീന സുറിയാനി ആയിരുന്നു എന്നും. വല്ല ഭാഷക്കും ഏദൻതോട്ടത്തോടടുത്ത സംബന്ധമുണ്ടെങ്കിൽ അതു സുറിയാനിക്കു മാത്രമാണെന്നും അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു.

സുറിയാനിഭാഷ ഏദൻതോട്ടത്തിൽ വച്ചു ആദാം, ഹാവാ എന്ന ആദ്യമാതാപിതാക്കളും, അനന്തരം പ്രളയകാലം വരെ സർവ്വമനുഷ്യരും, ബാബേലിലെ പിശകുമുതൽ ശേമിന്റെ സന്തതികളും സംസാരിച്ചുവന്നു എന്നും, അബ്രാം കനാൻ ദേശത്തു കുടിയേറിയശേഷം തന്റെ സ്വന്തഭാഷ നാട്ടു ഭാഷയുമായി കലർന്നു എബ്രായ ജനിച്ചു എന്നും മേൽ പ്രസ്ഥാവിച്ചിട്ടുണ്ടല്ലോ. ഇസ്രായേൽ വംശം പിന്നീട് ബാബേലിലെ അടിമ വരെ എബ്രായ ഭാഷതന്നെ ഉപയോഗിച്ചുവന്നു സുറിയാനി യോ സുറിയായിലും മെസെപ്പൊത്തോമിയായിലും നാട്ടുഭാഷയായിരുന്നു.

യഹൂദന്മാർ ബാബേലിൽ അടിമകളായി കൊണ്ടുപോകപ്പെടുകയും 70 വർഷത്തോളം അവിടെ സ്വാതന്ത്ര്യമില്ലാത്ത സ്ഥിതിയിൽ പാർക്കുകയും ചെയ്തപ്പോൾ അവരും സുറിയാനി തങ്ങളുടെ സംസാരഭാഷയാക്കി തീർക്കേണ്ടിവന്നു പ്രവാസകാലം കഴിഞ്ഞു് സ്വദേശത്തു എത്തിയശേഷം സംസാരഭാഷ സുറിയാനിയും വൈദികഭാഷ എബ്രായയുമായിരുന്നു പ്രവാസ



കാലത്തു എഴുതപ്പെട്ട പഴയനിയമത്തിലെ ചില ദീർഘദർശന പുസ്തകങ്ങളുടെ മൂലം കൽദായ (സുറിയാനി) ആയിരുന്നു എന്നു വ്യാഖ്യാനക്കാർ അഭിപ്രായപ്പെട്ടിരിക്കുന്നു നമ്മുടെ കർത്താവിന്റെ ഭൂമിവാസനാളിൽ താൻ സംസാരിച്ചതു സുറിയാനി ആയിരുന്നു. എന്നു വിദ്വാന്മാർ ഏകാഭിപ്രായമായി സമ്മതിക്കുന്നുണ്ട്. യായിറോസിന്റെ മകളെ ഉയർപ്പിച്ചപ്പോൾ കല്പിച്ച ത്ളീസോക്കും ( X ) എന്നതും കുരിശിന്മേൽവച്ചു കല്പിച്ച ഈൽഈൽ ല്മോനൊശ്ബക്ത്താൻ ( X ) എന്ന വചനങ്ങളും മററും ഈ അഭിപ്രായത്തെ സ്ഥിരപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ ആകുന്നു.

ഇന്നു നമ്മുടെ ദേശത്തു സുറിയാനി, മലയാളം, സംസ്കൃതം, ഇംഗ്ലീഷ് ഈ നാലുഭാഷകൾ ഏതു സ്ഥിതിയിൽ പ്രയോഗിക്കപ്പെടുന്നുവൊ മിക്കവാറും ആ രീതിയിൽ ആ കാലത്തു എബ്രായ, സുറിയാനി, ഗ്രീക്ക, ലത്തീൻ ഈ നാലുഭാഷകളും പലസ്തീൻ നാട്ടിൽ നടപ്പുണ്ടായിരുന്നു. ഇന്നു വൈദികമായ ആവശ്യത്തിനു സുറിയാനിക്കാർ സുറിയാനിഭാഷ ഉപയോഗിക്കുന്നതുപോലെ യഹൂദന്മാർ എബ്രായ ഉപയോഗിച്ചുവരുന്നു. മലയാളം നാട്ടുഭാഷയായിരിക്കുന്നതുപോലെ സുറിയാനി അന്നു നാട്ടുഭാഷയായിരുന്നു. സംസ്കൃതം ശാസ്ത്രസംബന്ധമായി ഉപയോഗിക്കുന്നതുപോലെ ആ കാലത്തെ ശാസ്ത്രജ്ഞന്മാർ ഗ്രീക്ക (യൌനായ) ഉപയോഗിച്ചുവന്നു. ഇന്നു ഇംഗ്ലീഷുഭാഷ ഗവണ്മെൻറിൽ പെരുമാറി വരുന്നതുപോലെ അന്നത്തെ റോമ്മാ ചക്രവർത്തിമാരുടെ അധികാരത്തിൻ കീഴിലിരുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ ലത്തീൻ ഭാഷ തൽസംബന്ധമായ ആവശ്യങ്ങൾക്ക് പെരുമാറിവന്നു.

ഇങ്ങനെ പല ഭാഷ നടപ്പുണ്ടായിരുന്നു എങ്കിലും ബഹുജനങ്ങളുടെ സംസാരഭാഷ സുറിയാനിയായിരുന്നു എന്നുള്ളതിനു തക്ക്മെല്ല ഈ ഭാഷയെക്കുറിച്ചു ഒരു യൂറോപ്യൻ ഗ്രന്ഥകർത്താവു പറയുന്നതു് ‘കണ്ടാലും നമ്മുടെ കർത്താവ് തന്റെ മാതാവിന്റെ മുലപ്പാലിൽ നിന്നു അഭ്യസിച്ച ഭാഷ ഇതല്ലയോ? ഇവൻ എന്റെ ഇഷ്ടപുത്രനാകുന്നു ഇവനിൽ എനിക്കു വളരെ പ്രിയം ഉണ്ട് എന്നു പിതാവായ ദൈവം യോർദ്ദാൻ നദിയിൽ വച്ചു സ്വർഗ്ഗത്തിൽ നിന്നു സംസാരിച്ച ഭാഷ ഇതല്ലയോ? കുരുടന്മാരോടും മുടന്തന്മാരോടും മരിച്ചവരോടും കുഷ്ഠരോഗികളോടും കർത്താവു സംസാരിച്ചു് അവരെ സുഖപ്പെടുത്തിയതു് ഈ ഭാഷയിൽ അല്ലയോ? രാത്രിഭക്ഷണത്തിന്റെ സമയത്തു് അപ്പത്തിനേയും വീഞ്ഞിനേയും എടുത്തു അനുഗ്രഹിച്ചു എന്നേക്കും

ഓർമ്മയ്ക്കായി സ്ഥാപിച്ചതു് ഈ ഭാഷയിൽ അല്ലയൊ? എൻെറ ദൈവമെ എൻെറ ദൈവമെ എന്നെ കൈവിട്ടതു എന്തിനെന്നും മററും കുരിശിന്മേൽ കിടന്ന സംസാരിച്ച ഭാഷ ഇതല്ലയൊ?

മതസംബന്ധമായി വിചാരിക്കപ്പെടുമ്പോഠം ഇത്ര ശ്രേഷ്ഠയായിരിക്കുന്ന സുറിയാനിഭാഷ പ്രാചീനകാലത്തു മററു പ്രകാരത്തിലും ഉൽകൃഷ്ടം വഹിച്ചിരുന്നു. ഒരു ഭാഷയുടെ ഉത്കൃഷ്ടത അതിലെ ഗ്രന്ഥങ്ങളുടെ ആധിക്യത്തേയും യോഗ്യതയേയും അനുസരിച്ചിരിക്കും. ആ ഭാഗം നോക്കിയാലും സുറിയാനിഭാഷ മുൻകാലത്തു് ഇതരഭാഷകളെ അപേക്ഷിച്ച ന്യൂനതയില്ലായിരുന്നു. ചെയിംബേഴ്സ് എൻസൈക്ലോപ്പീഡിയാ എന്ന ഗ്രന്ഥം വായിച്ചാൽ മതസംബന്ധമായും ശാസ്ത്രസംബന്ധമായും സുറിയാനിയിലുള്ള ഗ്രന്ഥങ്ങളുടെ വിവരണം അറിയാം. ആ ഭാഷയിൽ പാണ്ഡിത്യമുള്ള മഹായോഗ്യന്മാരും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പുസ്തകങ്ങളുടെ പേർ ആ ലിസ്റ്റിൽ ഉഠംപ്പെട്ടിരിക്കുന്നു. കണക്കശാസ്ത്രം, നക്ഷത്രശാസ്ത്രം, ഭൂമിശാസ്ത്രം, രസായനശാസ്ത്രം, തത്വജ്ഞാനം, തർക്കശാസ്ത്രം, വൈദ്യശാസ്ത്രം, വ്യാകരണം, ചരിത്രങ്ങഠം, നോവലുകഠം, സോക്രട്ടീസ് മുതലായ ഗ്രീക്കഗ്രന്ഥങ്ങളുടെ തർജ്ജിമ, പഞ്ചതന്ത്രം മുതലായ സംസ്കൃതഗ്രന്ഥങ്ങളുടെ തർജ്ജിമ എന്നുവേണ്ട എല്ലാവക പ്രമേയങ്ങളേയും അ കാലത്തെ അറിവിനു ഉതകുമാറു പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങഠം ഈ ഭാഷയിൽ ഉണ്ടായിട്ടുണ്ടു്. അവ കൈയ്യെഴുത്തായി ചില മൂലകളിലും മുക്കുകളിലും ചില പഴയ ദയറാകളിലും മറഞ്ഞുകിടക്കുന്നുവെന്നേയുള്ളു. സുറിയാനി ഭാഷയുടെ ഉടമസ്ഥർ എന്നു ഭാവിക്കുന്ന പരദേശത്തെ സുറിയാനിക്കാരാലോ മലയാളത്തെ സുറിയാനി പണ്ഡിതന്മാരാലോ കുട്ടിച്ചേർപ്പാൻ കഴിഞ്ഞിട്ടില്ലാത്ത ഗ്രന്ഥങ്ങഠം യൂറോപ്പിലെ പല പുസ്തകശാലകളിൽ ശേഖരിച്ചു നിക്ഷേപിച്ചിട്ടുണ്ടു്


(മലങ്കര ഇടവക പത്രിക 1892 വാല്യം 1 ലക്കം 6, 7)

## കുറിപ്പു്

1 × അടയാളം ഇട്ടിട്ടുള്ള ഇടങ്ങളിൽ അസൽ ലേഖനത്തിൽ സുറിയാനി ലിപിയിൽ വാക്കുകഠം ചേർത്തിട്ടുള്ളതു് ഇതിൽ വിട്ടിരിക്കുന്നു.

2 ഈ ലേഖനത്തിൻെറ ശേഷം ഭാഗം വിട്ടിരിക്കുന്നു.

3 ഇ. എം. പീലിപ്പോസ്, ഇംഗ്ലീഷ്, മലയാളം, തമിഴ്, സുറിയാനി എന്നീ 4 ഭാഷകളിൽ സാമാന്യം അറിവുനേടിയിരുന്നു.



## മലങ്കര സഭയുടെ രഹസ്യപേടകം

### ഗ്രന്ഥകാരൻ: ഇ എം. പീലിപ്പോസ്

ചിത്രങ്ങൾ സഹിതം 210 പേജ്. വില 35 രൂപ

ഉള്ളടക്കങ്ങളിൽ ചിലത്:—

സിമ്മനാരിക്കേസ്, വട്ടിപ്പണക്കേസ്, കോട്ടയം ചെറിയ പള്ളിക്കേസ്, കന്നങ്കുളം ആർത്താററ് പള്ളിക്കേസ്, മലങ്കര ഇടവകപത്രിക, സുറിയാനി സഭയിലെ വിദ്യാഭ്യാസം, എം. ഡി. സിമ്മനാരി ഷോടതി, മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ, മലങ്കര യാക്കോബായ സുറിയാനി ക്നാനായ സമുദായം, കോട്ടയം വലിയപള്ളി തുടങ്ങി 17 അദ്ധ്യായങ്ങളും 11 അനുബന്ധങ്ങളും.

മലങ്കരമല്പാൻ കണിയാമ്പറമ്പിൽ ഡോ. കുര്യൻ കോറെപ്പിസ്ക്കോപ്പായുടെയും യശ: ശരീരനായ കെ സി മാമ്മൻ മാപ്പിളയുടെയും പ്രൗഢമായ അവതാരികകൾ ചേർന്നത്.

തപാലിൽ വേണ്ടവർ താഴെ പറയുന്ന ആളിനു് M. O. അയക്കുക.

പോസ്റ്റേജ് [redacted]. Rs 3/- extra

E. A. ഫിലിപ്പ്
ഇടവഴിക്കത്ത
താഴത്തങ്ങാടി
കോട്ടയം-686 005

ബുക്ക് ലഭിക്കുന്ന ഡിപ്പോകൾ:—

1] M G O C S. M.
ബുക്ക് സെൻറർ
C. M. S. കോളജ് ജംഗ്ഷൻ
കോട്ടയം - 686 001

2] മാർ യൂലിയോസ്
ബുക്ക് സെൻറർ
St ജോസഫ് കത്തീഡ്രൽ
ശാസ്ത്രി റോഡ്
കോട്ടയം - 686 001

# മലങ്കര സഭയുടെ രഹസ്യപേടകം

ഗ്രന്ഥകാരൻ: ഇ എം. പീലിപ്പോസ്

ചിത്രങ്ങൾ സഹിതം 210 പേജ്. വില 35 രൂപ

ഉള്ളടക്കങ്ങളിൽ ചിലത്:—

സിമ്മനാരിക്കേസ്, വട്ടിപ്പണക്കേസ്, കോട്ടയം ചെറിയ പള്ളിക്കേസ്, കുന്നംകുളം ആർത്താററ് പള്ളിക്കേസ്, മലങ്കര ഇടവകപത്രിക, സുറിയാനി സഭയിലെ വിദ്യാഭ്യാസം, എം. ഡി. സിമ്മനാരി ഷോടതി, മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ, മലങ്കര യാക്കോബായ സുറിയാനി ക്നാനായ സമുദായം, കോട്ടയം വലിയപള്ളി തുടങ്ങി 17 അദ്ധ്യായങ്ങളും 11 അനുബന്ധങ്ങളും.

മലങ്കരമല്പാൻ കണിയാമ്പറമ്പിൽ ഡോ. കുര്യൻ കോറെപ്പിസ്കോപ്പായുടെയും യശ: ശരീരനായ കെ സി മാമ്മൻ മാപ്പിളയുടെയും പ്രൗഢമായ അവതാരികകൾ ചേർന്നത്.

തപാലിൽ വേണ്ടവർ താഴെ പറയുന്ന ആളിനു് M. O. അയക്കുക.

പോസ്റ്റേജ് [redacted]. Rs 3/- extra

E. A. ഫിലിപ്പ്
ഇടവഴിക്കത്ത
താഴത്തങ്ങാടി
കോട്ടയം-686 005

ബുക്ക് ലഭിക്കുന്ന ഡിപ്പോകൾ:—

1] M G O C S. M.
ബുക്ക് സെൻറർ
C. M. S. കോളജ് ജംഗ്ഷൻ
കോട്ടയം - 686 001

2] മാർ യൂലിയോസ്
ബുക്ക് സെൻറർ
St ജോസഫ് കത്തീഡ്രൽ
ശാസ്ത്രി റോഡ്
കോട്ടയം - 686 001